# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3763 — 17.12.2015-ലെ മറുപടിക്ക്

## വിജിലൻസ് ക്രൈം

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ.ലൂഡി ലൂയിസ് : | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | വിജിലൻസ് ക്രൈം നമ്പർ 4/085/TVM എന്ന വിജിലൻസ് ക്രൈം ആരുടെയെല്ലാം പേരിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത് ; | (എ) 4/085/TVM എന്ന വിജിലൻസ് കേസ് തിരുവനന്തപുരം ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സിലെ ചീഫ് കൊമേഴ്സ്യൽ മാനേജരായിരുന്ന ശ്രീ.ആർ.പി.പിള്ള എന്ന വ്യക്തിക്ക് എതിരെയാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. |
| (ബി) | പ്രസ്തുത കേസിലെ പ്രതികൾക്കെതിരെ ചുമത്തിയിരുന്ന കുറ്റാരോപണം എന്തെല്ലാമായിരുന്നു ; | (ബി) ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തുവെന്ന കുറ്റമാണ് ആരോപിച്ചിരിക്കുന്നത്. |
| (സി) | അഴിമതി നിരോധന നിയമത്തിന്റെ ഏത് വകുപ്പപ്രകാരമായിരുന്നു പ്രസ്തുത ക്രൈമിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിരുന്നത് ; | (സി) സെക്ഷൻ 5(1) ഡി, ആർ/ഡബ്ല്യൂ 5(2) പി.സി. ആക്ട് 1947 പ്രകാരമാണ് പ്രസ്തുത കേസിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിരിക്കുന്നത്. |
| (ഡി) | പ്രസ്തുത കേസിൽ പ്രതിചേർക്കപ്പെട്ടിരുന്ന ബാർ ഹോട്ടൽ ഉടമ ബിജുരമേശ് കേരള ഹൈക്കോടതിയിൽ ക്രിമിനൽ MC 1041/2008 ആയി ഒരു കേസ് ഫയൽ ചെയ്തിരുന്നുവോ ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ; പകർപ്പ് ലഭ്യമാക്കുമോ; | (ഡി) ടി കേസിൽ ശ്രീ.ബിജു രമേശിനെ പ്രതി ചേർത്തിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത കേസിലെ എതിർ കക്ഷികളായിരുന്ന ജില്ലാ കളക്ടർ, വിജിലൻസ് ഡയറക്ടർ എന്നിവർ കോടതിയിൽ ഹാജരായിട്ടുണ്ടോ ; എങ്കിൽ ഇവർ സമർപ്പിച്ച എതിർ സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഇ) | ടി കേസിൽ ജില്ലാ കളക്ടർ, വിജിലൻസ് ഡയറക്ടർ എന്നിവർ കോടതിയിൽ ഹാജരായിട്ടില്ല. |
| (എഫ്) | പ്രസ്തുത ക്രൈമിന്റെയും, ക്രിമിനൽ എം. സി.യുടേയും തുടർ നടപടികളും നിലവിലുള്ള സ്ഥിതിയും വ്യക്തമാക്കുമോ ; | (എഫ്) & (ജി) | ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ.കെ.ജെ. മാത്യു ആയിരുന്നു അന്വേഷണ ഉദ്യോഗസ്ഥൻ. പ്രസ്തുത കേസിലെ പ്രതി മരണപ്പെട്ടു പോയതിനാൽ 22.07.2009-ൽ ബഹുമാനപ്പെട്ട കോടതി ഈ കേസിന്റെ തുടർനടപടി അവസാനിപ്പിച്ചിട്ടുള്ളതാണ്. |
| (ജി) | നമ്പർ - 4/085/TVM എന്ന വിജിലൻസ് ക്രൈമിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ ആരായിരുന്നു ; പ്രസ്തുത ക്രൈമിന്റെ എഫ്.ഐ.ആർ., എഫ്.ഐ.സ്റ്റേറ്റ്മെന്റ്, സാക്ഷി മൊഴികളുടെ പകർപ്പ്, മറ്റ് അനുബന്ധ രേഖകൾ, അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ